


# LBSMHSS AVITTATHUR

# ശിഖരം





## സന്ദേശം

*സാമൂഹിക പ്രതിബദ്ധതയാർന്ന ഊർജ്ജ്വസ്വല*

*ശൈലിയുമായി ,ഹ്രസ്വകാലത്തെ ചടുലസേവനത്തിലൂടെ ജനകോടികളുടെ*

*ആരാധ്യ പുരുഷനായി മാറിയ ബഹുമാന്യനായ ലാൽ ബഹദൂർ ശാസ്ത്രിയുടെ*

*സ്മരണാർത്ഥം കേരളത്തിൽ  സ്ഥാപിതമായ ഏക സ്കൂളാണിതെന്ന*

*സവിശേഷത അവിട്ടത്തൂർ എൽ.ബി.എസ്.എം മിന്റേതാണ്.*

*വിദ്യഭ്യാസ ചരിത്രത്തിൽ*

*മാതൃകാപരമായ മുന്നേറ്റങ്ങളിൽ ശ്രദ്ധേയമായ വിദ്യാലയമാണ്*

*എൽ.ബി.എസ്.എം.   ജില്ലയിൽ നടക്കുന്ന വിവിധ മേളകൾ, കലാസാഹിത്യ*

*മേളകൾ, സെമിനാറുകൾ,സാംസ്കാരിക സന്ധ്യകൾ തുടങ്ങിയവയിൽ സ്കൂളിന്റെ*

*നിരവധി പ്രവർത്തനങ്ങൾ നേരിട്ടറിവുള്ളതാണ്.*

*വിദ്യാർത്ഥികളുടെ സർഗ്ഗവാസനയെ പ്രോത്സാഹിപ്പിക്കുന്നതിനായി*

*തയ്യാറാക്കുന്ന ഈ സ്മരണികക്ക് എല്ലാവിധ ആശംസകളും നേരുന്നു.*

*തുടർന്നും ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിദ്യാലയത്തിന്*

*സാധിക്കട്ടെ എന്ന് പ്രാർത്ഥിച്ചുകൊണ്ട് നന്മകൾ നേരുന്നു...*

*Head Master*
***MEJO PAUL***



## S.I.T.C യുടെ സന്ദേശം

*അവിട്ടത്തൂർ ലാൽ ബഹദൂർ ശാസ്ത്രി മെമ്മോറിയൽ ഹയർ സെക്കന്ററി സ്കൂളിൽ പ്രവർത്തിക്കുന്ന 'ലിറ്റിൽ കൈറ്റ് 'അംഗങ്ങൾ ഒരു ഡിജിറ്റൽ മാസിക തയ്യാറാക്കുന്നതിൽ അതിയായ സന്തോഷവും ആശംസകളും അറിയിക്കുന്നു.*

*ഈ ആധുനിക ലോകത്ത് നൂതന സാങ്കേതിക ഉപകരണങ്ങൾ നിർമ്മിക്കുകയും അത് സ്വന്തമാക്കുകയും ചെയ്യുന്നതിനേക്കാളും ബുദ്ധിമുട്ട് അത് സ്വന്തം നന്മയ്ക്കും, അതുപോലെ സമൂഹത്തിന്റെ നന്മയ്ക്കും പുരോഗതിയ്ക്കും ഉപയോഗിക്കുവാൻ പഠിക്കുവാനാണ്. എങ്കിൽ മാത്രമേ യഥാർത്ഥത്തിൽ കണ്ടുപിടിത്തമാവുകയുള്ളൂ. നമ്മുടെ ലിറ്റിൽ കൈറ്റിന്റെ കുട്ടികൾക്ക് വിവിധ മാർഗ്ഗങ്ങളിലൂടെ -കമ്പ്യൂട്ടർ അനിമേഷൻ,മലയാളംടൈപ്പിങ്ങ്,മൊബൈൽ ഫോൺ ആപ്പുകൾ,മുതലായവ.... ഇത് സ്വായത്തമാക്കാൻ സാധിക്കട്ടെയെന്ന് ആശംസിക്കുന്നു. അങ്ങനെ അവർക്ക് സമൂഹത്തിലെ ഒരു ഉത്തമപൗരനായി ജീവിക്കുവാൻ സാധിക്കട്ടെയെന്നും, അവരുടെ എല്ലാ പ്രവർത്തനങ്ങളും വൻവിജയമാകട്ടെയെന്നും ആത്മാർത്ഥമായി ആശംസിക്കുന്നു.*

എന്ന്,

*Jose C.J*

# എഡിറ്റോറിയൽ

## സാങ്കേതിക വിദ്യയുടെ കവാടം തുറക്കുന്നു

ശാസ്ത്രസാങ്കേതികവിദ്യയുടെ വളർച്ചയുടെ ഈ യുഗത്തിൽ എല്ലാം സാങ്കേതവിദ്യവഴിയാണ്. ശാസ്ത്രരംഗത്തും കാർഷികരംഗത്തും, ഉൽപാദനരംഗത്തും എല്ലാം സാങ്കേതിക വിദ്യ സ്ഥാനം പിടിച്ചുകഴിഞ്ഞു. വിദ്യാഭ്യാസരംഗത്താകട്ടെ, 1-ാം ക്ലാസുമുതൽ ഉയർന്ന ജോലി സാധ്യതയുള്ള മത്സര പരീക്ഷകൾക്കുവരേയും ഉയർന്ന വിദ്യാഭ്യാസം ഇന്ന് ഇന്റർനെറ്റിലൂടേയും മറ്റും ലഭ്യമാണ്.ഇത്രയും തിരക്കേറിയ യുഗത്തിൽ വിദ്യാർത്ഥി-വിദ്യാർത്ഥിനികളുംഅതിനൊരുങ്ങുകയായി. അതെ,എൽ.ബി.എസ്.എം.എച്ച്.എസ്.എസ് അവിട്ടത്തൂർ സ്കൂളിലെ ഒൻപതാം ക്ലാസ് വിദ്യാർത്ഥികൾ 'ലിറ്റിൽ കൈറ്റ്സിന്റെ' ഭാഗമായി ഒരു'ഡിജിറ്റൽ സോവനീർ' തയ്യാറാക്കുന്നു.ഈ സ്കൂളിലെ തന്നെ സാമൂഹികശാസ്ത്രം അദ്ധ്യാപികയും,ഐ.ടി മേഖലയിൽ പ്രാവീണ്യം തെളിയിച്ചതുമായ സ്വീറ്റി ടീച്ചറുടെയും ഇംഗ്ലീഷ് അദ്ധ്യാപിക മെർലിൻ ടീച്ചറുടെയും ആഭിമുഖ്യത്തിലാണ് കുട്ടികൾ ഈ 'ഡിജിറ്റൽ മാസിക' തയ്യാറാക്കിയത്. കുട്ടികളുടേയും,അധ്യാപകരുടെയും അശ്രാന്ത പരിശ്രമം മാത്രമാണ് ഈ ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കാൻ കാരണമായത്. ഒപ്പം 'ലിറ്റിൽ കൈറ്റ്സ്' 'എന്ന പുതിയ സംരംഭവും കുട്ടികളിൽ വിവരസാങ്കേതിക വിദ്യയെക്കുറിച്ച് കൂടുതൽ അറിവു നിറയ്ക്കാൻ സഹായിച്ചു.

വിവരസാങ്കേതിക വിദ്യയിൽ കഴിവുതെളിയിച്ച കുട്ടികളിൽ നിന്ന് തിരഞ്ഞെടുത്ത മിടുക്കരായ കുട്ടികളാണ് ഡിജിറ്റൽ മാസികയുടെ അണിയറ പ്രവർത്തകർ . മറ്റെല്ലാ അധ്യാപകരും ഇതിനുവേണ്ടി പ്രവർത്തിക്കുന്നു. എപ്പോഴും ഉപയോഗയോഗ്യമായ നിരവധി കംപ്യൂട്ടറുകൾ കുട്ടികൾക്കുവേണ്ടി സ്കൂൾ ഒരുക്കിയിട്ടുണ്ട്. ഈ ഡിജിറ്റൽ മാസികയിൽ തന്റെ അപൂർവ്വമായ രചനകൾ സമർപ്പിച്ച കുട്ടികളും ഇതിൽ പ്രധാന പങ്കുവഹിക്കുന്നു.

*ഈ ഡിജിറ്റൽ മാസികയുടെ എഡിറ്റർ അനാമിക.കെ.ടി എന്ന വിദ്യാർത്ഥിയാണ്. മറ്റു കുട്ടികളായ രോഹിൺ (ലീഡർ), ശ്രീവർഷ (ലീഡർ) അഖില, ജഹനാര,അമൻ, തുടങ്ങിയവരും അണിയറയിൽ പ്രവർത്തിച്ചിട്ടുണ്ട്. ഇങ്ങനെയൊരു മഹനീയ നിമിഷത്തിലെങ്കിലും ഈ ഡിജിറ്റൽ മാസിക പ്രസിദ്ധീകരിക്കാൻ കഴിഞ്ഞതിൽ ഞങ്ങൾക്കു സന്തോഷമുണ്ട്. ഈ അപൂർവ്വമായ ഡിജിറ്റൽ മാസിക മറ്റുള്ള എല്ലാ സ്കൂളുകൾക്കും ഒരു ഉത്തമ മാതൃകയാകും എന്നതിൽ സംശയമില്ല.*

## *എഡിറ്റോറിയൽ ബോർഡ്*

അനാമിക കെ ടി
*രോഹിൺ ശങ്കർ കെ വി*
*അമൻ എ എൻ*
*ശ്രീരാഗ് പി*
*ശ്രീവർഷ വി ബി*
*അഖില കെ പി*
*ജഹനാര ബിജു*
*അമിത്ത് കെ വി*
*ജെസോ ജോസഫ്*

# ശിഖരം

പ്രിയപ്പെട്ട കൂട്ടുകാരെ,

"നമ്മുടെ ഭാവനയിൽ ഉദിക്കുന്ന ആശയങ്ങളാണല്ലോ കഥയായും കവിതയായും ചിത്രങ്ങളായും പുറത്തു വരുന്നത്.ഞങ്ങളുടെ മനസ്സിലെ താളുകളിൽ എന്നോ കുറിച്ചിട്ട അനുഭവങ്ങളാണ് ഈ മാസികയിൽ ഉൾക്കൊള്ളിച്ചിരിക്കുന്നത്.അപ്പപ്പോഴായി ഞങ്ങളുടെ മനസ്സിൽ ഉരുത്തിരിഞ്ഞ കൊച്ചുകൊച്ചു കഥകളും കവിതകളും ലേഖനങ്ങളും അടങ്ങിയ "ശിഖരം" എന്ന മാസിക ഞങ്ങൾ നിങ്ങളുടെ മുന്നിൽ സമർപ്പിക്കുകയാണ്.
തെറ്റുകളും കുറവുകളും ഉൾക്കൊണ്ട് ഞങ്ങളുടെ ഈ സംരംഭത്തെ അംഗീകരിക്കാൻ ബഹുമാന്യരായ അധ്യാപകർക്കും വിദ്യാർത്ഥി സുഹൃത്തുക്കൾക്കും കഴിയും എന്ന ഉത്തമബോധ്യത്തോടെ ഈ മാസിക നിങ്ങൾക്ക് നല്ലൊരു അനുഭവമാകും എന്ന പ്രതീക്ഷയോടെ"

**എഡിറ്റർ**
**അനാമിക**

# പ്രാർത്ഥന



വിനോദ് മാസ്റ്റർ

*1. തിങ്കളാസ്യസുമംഗളാകര തുംഗപാവന വാരിധേ!*
*ശങ്കരാജയഭംഗുരാ ദയ ഭംഗിയോടരുളീടുക*
*മുമ്പിലാശ്രു വിളംബമാകരുതംബുജാക്ഷ! വിളങ്ങിടൂ*
*അൻപിനോടവലംബമേകുക തംബുരുപ്രിയ! സന്മതേ!*

*സാധുശീല! കുബന്ധമോചന ബന്ധുഭാവ വിരാജിത!*
*സാധ്യമാകുമീ ചിന്തയോടുമനന്തരൂപ രമിച്ചിടൂ*
*ആധിനാശക! അർദ്ധസോമധര! അർത്ഥമോടുലകത്തിലെ*
*ബാധയാകുമി ഗർദ്ധശീലമനർത്ഥമാക്ക ദയാനിധേ!*

*ഇണ്ടലൊക്കെയെചണ്ഡമാക്കിയഖണ്ഡ സമ്മുദമേകുക*
*വിണ്ടു മാനസമണ്ഡലം മമ ഗണ്ഡലീ വരമേകുക*
*രഞ്ചിതാഭ വിരിഞ്ചിതാ വരമഞ്ജിതാ തരികെൻ വിഭോ*
*കിഞ്ചനാശ്രു ഈ നെഞ്ചകത്തരുതഞ്ജിടാതെ വരിക്കുക*

*രക്ഷകാഖിലം ഇക്ഷിതിക്കൊരു ഭിക്ഷയായ് ദയ നല്കുക*
*രാക്ഷസാകൃതം ഇക്ഷണം ദൂര ശിക്ഷ നല്ക തൃഷാഹര!*
പാലകന്നുടെ ചൊല്ല് കേട്ടവരല്ലലേതും അറിഞ്ഞിടാ
ലീലയോ തവ തെല്ലുമാർക്കും അതില്ല
സംഗ്രഹമെന്നുമേ



2. ശങ്കരൻ തന്നുടെ പാതി മെയ്യാകുന്ന
അംഗനമാർമണി ചാരുശീലേ

# ശിഖരം

ഭംഗിയോടിന്നു കൈ കൊട്ടിക്കളിപ്പാൻ
രംഗമൊരുക്കുക ശക്തിഭദ്രേ

പങ്കജസംഭവമാനസം എന്നൊരു
തുംഗസാരസ്വത ധന്യശീലേ
ഭംഗേതരം നവ കീർത്തനം ചൊല്ലുവാൻ
സംഗതിയേക നീ പുണ്യകീർത്തേ

നാരായണൻ തന്റെ സാരമറിയുന്ന
നാരീ മനോഹരി ലോകമാതേ
പാരാതെ സൽഗുണം വന്നുചേർന്നീടുവാൻ
പാരമനുഗ്രഹം നൽകിടേണേ

3.നയനേ ദർശനപുണ്യ മാഹോ തവ
സുനയേ സുന്ദര ഗാത്രം
നയനദ്വയമതു നൽകയാൽ വിശ്വം
അതിരമണീയമതുല്യം

സുരുചിര വാണിം കർണ്ണമിതിൽ മമ
സുശ്രുതമേ തവ നാദം
പരനുടെ പൊരുളനുദിനവും കേട്ടാൽ
പരിപാവനമീ കർണ്ണം

മനസ്സാൽ മനനം എളുതല്ലയിതേ
മനമോഹന മീയുലകം
മനസ്സാം രഥമതു വിരവൊടു നീയേ
ഗതിപാലനമനുഭാവം’

മനുജനു ദയയൊടു മൊഴിയേകിയ നിൻ
മഹിമയെ വാഴ്ത്തുവനചലം
മദമതു ചേരരുതെന്നുടെ മതിയിൽ
മരണം കനിയും വരെയും.

# സാർത്ഥകമായ പ്രവർത്തനങ്ങളിലൂടെ

## മാതൃഭൂമി സീഡ്

### *മഹത്തായ 10ാം വർഷത്തിലേക്ക്*

മണ്ണും,മരങ്ങളും,ജലവും,ജീവജാലങ്ങളുമില്ലാതെ മനുഷ്യർക്ക് ആരോഗ്യത്തോടെ ജീവിക്കാനാവില്ലെന്ന തിരിച്ചറിവ് കൂടുതൽ ആളുകൾക്ക്പകർന്നു നൽകാനായി ഒരുകുട്ടം വിദ്യാർത്ഥികളും അധ്യാപകരും ഒമ്പതുവർഷമായി പ്രവർത്തിക്കുന്ന മാതൃഭൂമി സീഡ് (seed-student empowerment for environmental development) മാറ്റത്തിന് വഴികാട്ടുകയാണ്. നമ്മുടെ സ്കൂളും സീഡ് പദ്ധതിയിൽ പത്താംവർഷത്തിലേക്ക് കടന്നിരിക്കുകയാണ്. കഴിഞ്ഞ ഒമ്പത് വർഷവും നമുക്ക് ഹരിതവിദ്യാലയ പുരസ്കാരം വിദ്യാഭ്യാസ ജില്ലയിൽ ലഭിച്ചിരിക്കുന്ന വിവരം സന്തോഷപൂർവ്വം അറിയിക്കുന്നു.2009-10,2013-14 അദ്ധ്യായനവർഷത്തിൽ ഇരിങ്ങാലക്കുട വിദ്യാഭ്യാസ ജില്ലയിലെ "ബെസ്റ്റ് ടീച്ചർ കോ-ഓഡിനേറ്റർ ഈ വിദ്യാലയത്തിലെ രമ കെ മേനോൻ ആയിരുന്നു". സീഡിന്റെ കുട്ടികളിലെ മികവിനെ മുൻനിർത്തി വിദ്യാഭ്യാസ ജില്ലയിലെ "ജെം ഓഫ് സീഡ്"" പുസ്കാരം 2011-12, 2012-13, 2013-14, 2015-16, 2017-18 എന്നീവർഷങ്ങളിൽ ഗായത്രി വാര്യർ, മീനു കെ എസ്, ജോമോൻ വി എസ്, ആനന്ദ് വർമ്മ,ക്രിസ്റ്റോ,ജോഫിൻ പി പി ഗോകുൽ തേജസ്സ് മേനോൻ എന്നീ വിദ്യാർത്ഥികൾക്ക് ലഭിച്ചതിൽ ഞങ്ങൾക്ക് അതിയായ സന്തോഷമുണ്ട്.

എല്ലാ വർഷവും സീഡിന്റെ ആഭിമുഖ്യത്തിൽ ഭക്ഷ്യമേളകൾ,ലഹരിവിരുദ്ധ ബോധവൽകരണ പ്രവർത്തങ്ങൾ, ചക്ക മഹോത്സവങ്ങൾ,സൗജന്യ നേത്രചികിത്സാ ക്യാമ്പ്, ഔഷധകഞ്ഞി വിതരണം,പരിസ്ഥിതി ദിനാചരണങ്ങൾ എന്നിവ നടത്താറുണ്ട്.തുടർച്ചയായി എല്ലാ വർഷവും ലൗ പ്ലാസ്റ്റിക്ക് പദ്ധതി ഈ സ്കൂൾ വിജയകരമായി *മുന്നോട്ടുകൊണ്ടു പോകുന്നു.സീഡിന്റെ എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുന്നത് ഞങ്ങളുടെ സ്നേഹനിധിയായ അധ്യാപികയായ രമ ടീച്ചറാണ്.സീഡ് പ്രവർത്തനങ്ങൾ സ്കൂളിന്റെ യശസ്സുയർത്തുന്നതിൽ പ്രധാന പങ്കുവഹിക്കുന്നു.*

ശിഖരം

# സീഡ്



**ജെം ഓഫ് സീഡ്**





## 'ഓണത്തിന് ഒരു മുറം പച്ചക്കറി'



▶ അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കൻഡറി സ്കൂളിൽ ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതി  വേളൂക്കര അസി. കൃഷി ഓഫീസർ എം.കെ. ഉണ്ണി ഉദ്ഘാടനം ചെയ്യുന്നു

**അവിട്ടത്തൂർ** ▸ സംസ്ഥാന കൃഷിവകുപ്പിൻെറ സഹകരണത്തോടെ അവിട്ടത്തൂർ എൽ.ബി.എസ്.എം. ഹയർ സെക്കൻഡറി സ്കൂളിൽ ഓണത്തിന് ഒരു മുറം പച്ചക്കറികൃഷി ആരംഭിച്ചു.

വേളൂക്കര അസി. കൃഷി ഓഫീസർ എം.കെ. ഉണ്ണി ഉദ്ഘാടനം ചെയ്തു. ഹെഡ്മാസ്റ്റർ മെജോ പോൾ, സി. സീമോൾ പോൾ, എൻ.എസ്. രജനിശ്രീ, ഡി. ഹസിത, രമ കെ. മേനോൻ, കൃഷ്ണപ്രസാദ് എന്നിവർ പ്രസംഗിച്ചു. തുടർന്ന് കാർഷികപ്രവർത്തനങ്ങൾക്ക് തുടക്കംകുറിച്ച് പച്ചക്കറിവിത്തുകൾ നട്ടു.



# ഗൈഡ്സ്

## രാജ് പുരസ്കാർ കരസ്ഥമാക്കിയവർ






# ജൂനിയർ റെഡ്ക്രോസ്



## ക്യാപ്പിങ്ങ് സെറിമണി (2018-19)





ജെ ആർ സി ക്വിസ് മത്സരവിജയി
ഗോകുൽ തേജസ്സ് മേനോൻ





# കലോത്സവ മികവുകൾ

**സംസ്ഥാന സ്കൂൾ കലോത്സവത്തിൽ 35 പോയിന്റ് നേടി പങ്കെടുത്ത 7 ഇനങ്ങളിലും A ഗ്രേഡ് കരസ്ഥമാക്കിയ അവിട്ടത്തൂരിന്റെ അഭിമാനതാരങ്ങൾ**



## മേളപെരുമ







**അനന്തു ജയൻ**
**(കഥകളി സംഗീതം HS)**

**സ്വാതി.ഡി.വാര്യർ**

**(കാവ്യകേളി HS)**





**ആനന്ദ് വർമ്മ.ആർ**
**(ഓട്ടൻ തുള്ളൽ HSS)**

**നീരജ് ശിവദാസ്**
**(കാവ്യകേളി,ചെണ്ട,തായമ്പക HSS)**

# കായിക രംഗത്തെ നേട്ടങ്ങൾ

## പെൺകുട്ടികളുടെ ഹാന്റ്ബോൾ ടീം



## പെൺകുട്ടികളുടെ ഫുടബോൾ ടീം



## ആൺകുട്ടികളുടെഫുടബോൾ ടീം



## നീന്തൽ ടീം



തുടർച്ചയായി 51ാം വർഷവും ഉപജില്ലാതലത്തിൽ നിന്തൽ ടീമിന് ഒന്നാം സ്ഥാനം

# ശാസ്ത്രത്തിന്റെ നാൾവഴികളിലേക്ക്....





**അഞ്ജന പി**

**9A**

*SIET(State Institute Of Educational Technology) യുടെ ആഭിമുഖ്യത്തിൽ നവംബർ 18,19,20 തിയ്യതികളിലായി നാട്ടിക S.N Collage-ൽ വച്ച് ത്രിദിന 'ശാസ്ത്രജാലകം' പരിപാടി നടത്തുകയുണ്ടായി. തൃശ്ശൂർ ജില്ലയിലെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ Online പ്രവേശന പരീക്ഷയിലൂടെ തിരഞ്ഞെടുക്കപ്പെട്ട 150 കുട്ടികളെ സംഘടിപ്പിച്ചു കൊണ്ട് നടത്തിയ ശാസ്ത്രജാലകം പരിപാടി കുട്ടികളിൽ ശാസ്ത്രത്തിന്റെ അതുല്യമായ മായാജാലലോകത്തെ അത്ഭുതങ്ങളിലേക്ക് നയിച്ചു.*

*തികച്ചും യാദൃശ്ചികമായാണ് ഞാൻ Online പരീക്ഷ എഴുതിയത്. തൃശ്ശൂരിലെ മിടുക്കരായ കുട്ടികളിൽനിന്ന് മിടുമിടുക്കരെ തിരഞ്ഞെടുക്കുമ്പോൾ ഞാനുമുണ്ട് എന്നത് എനിക്ക് ഇപ്പോഴും വിശ്വസിക്കാൻ പറ്റാത്തതായിരുന്നു. അവിടെ വിവിധ പരീക്ഷണങ്ങളും, സെമിനാറുകളും, പ്രൊജക്ക്ടുകളും, ക്ലാസുകളും, കളികളും,, പാട്ടും, അഭിനയവും എല്ലാം ഉണ്ടായിരുന്നു. കുട്ടികൾ ഒത്തുകൂടി കലാപരിപാടികൾ അവതരിപ്പിച്ചു.'പച്ചത്തുരുത്ത് എന്നയിടത്തു പോയി കുറേ നേരം ചെലവഴിച്ചു. വയറുനിറയെ മധുരപലഹാരങ്ങളും, മറ്റുഭക്ഷണങ്ങളും, പാനീയങ്ങളും കഴിച്ചു. മൂന്നുദിവസം അതിമനോഹരമായ ഇനി ഒരിക്കലും കാണാത്ത സ്വപ്നം പോലെ ആയിരുന്നു.*

*18-ാം തീയ്യതി വീട്ടിൽ നിന്ന് യാത്ര പുറപ്പെടുമ്പോൾ നല്ല സങ്കടമുണ്ടായിരുന്നു.*

*പിന്നീട് അവിടെയെത്തി, കൂട്ടുകാരെയും, അധ്യാപകരയും കണ്ടപ്പോൾ 50% സന്തോഷമായി. പിന്നീട് അവരെ ഓരോരുത്തരെയുമായി പരിചയപെട്ടപ്പോൾ ഇരട്ടി സന്തോഷമായി. വിവിധ സ്കൂളുകളിൽ നിന്നുള്ള വിവിധ സ്വഭാവമുള്ള കുട്ടികൾ പൊരുത്തപ്പെടാൻ കുറച്ചു സമയമെടുത്തെങ്കിലും പിന്നീട് പിരിയാനാവാത്ത വിധം കൂട്ടായി. കഥകളും, വിശേഷങ്ങളും പങ്കുവെച്ചു. പാട്ടുകൾ പാടി രസിച്ചു, തമാശകൾ പറഞ്ഞു ചിരിച്ചു. അങ്ങനെ ആ കോളേജിന്റെ നാലുപാടും ആർപ്പും വിളിയുമായി ആ പരിസരം വീർപ്പുമുട്ടി.*

*കേവലം പാഠപുസ്തകങ്ങളിൽ മാത്രം കണ്ടുവരുന്ന പരീക്ഷണങ്ങൾ, സിദ്ധാന്തങ്ങൾ എല്ലാം വിവിധ ലാബുകളിലായി കാണിച്ചു തന്നു. തികച്ചും പുതിയ വിവരങ്ങൾ അവിടത്തെ പ്രധാന അധ്യാപകരിൽ നിന്നു ലഭിച്ചു. കുസൃതി കലർന്ന സംശയങ്ങളുമായി ഞങ്ങൾ മുന്നോട്ടുവന്നപ്പോഴും ക്ഷമയോടെ ഞങ്ങളുടെ സംശയങ്ങളെ സ്വീകരിച്ച് ഉത്തരങ്ങൾ ഞങ്ങൾക്കായി നിരത്തി. ഉത്തരം പറഞ്ഞു തീരുമ്പോഴേക്കും 'അതെന്താ അങ്ങനെ'? എന്ന ചോദ്യങ്ങൾ അവരെ വീർപ്പുമുട്ടിച്ചു എല്ലാ ഉത്തരങ്ങൾ പറഞ്ഞു കഴിഞ്ഞപ്പോഴേക്കും ഒരു വർഷം പഠിപ്പിച്ചുകഴിഞ്ഞ അനുഭൂതി അവരിൽ പ്രകടമായി. ക്ഷീണിച്ച അവരെത്തേടി അടുത്ത കൂട്ടം കുട്ടിപട്ടാളം പാട്ടുംപാടി വരവായി. വീണ്ടും തികച്ചും ഉത്സാഹത്തോടെ അവർ അടുത്ത കൂട്ടത്തേയും വരവേറ്റു.*

*സ്വന്തം വീട്ടിലെപ്പോലെ തന്നെയാണ് ടീച്ചർമാർ ഞങ്ങളെ പരിപാലിച്ചത്. 20-ാം തിയ്യതി തിരിച്ചുപോകാൻ നേരത്ത് എല്ലാവരുടേയും കണ്ണിൽനിന്ന് ഒരു നനവ് ചാലിട്ടൊഴുകാൻ തുടങ്ങി. അവസാനം ഞങ്ങളെ സഹോദരങ്ങളെപ്പോലെ കണ്ട ആ കോളേജിലെ വിദ്യാർത്ഥികളും ടീച്ചർമാരും യാത്ര പറഞ്ഞുപിരിഞ്ഞു. തികച്ചും വിജനമായ S.N കോളേജിന്റെ മൈതാനത്ത് കുട്ടികൂട്ടങ്ങളുടെ ആർപ്പും, വിളിയും ഒരു അശരീരിപോലെ മുഴങ്ങുന്നു. മൂന്നു ദിവസം ശാസ്ത്രലോകത്തേക്ക് പറന്നുയർന്ന അനുഭവം ഒരിക്കലും മറക്കാൻ കഴിയാത്തവിധം മനസ്സിൽ മുദ്രപ്പെട്ടു കഴിഞ്ഞു , എന്നേക്കുമായി................*

# ഓണ നാളുകൾ






ലത പി. മേനോൻ .
അധ്യാപിക

ചെടികളിൽ വസന്തം വന്നു
ഓണത്തിൽ ആഗമനമായെങ്ങും
തുമ്പിയിൽ പുഞ്ചിരിയുണർന്നു
മുക്കുറ്റിയും പരിലസിക്കുന്നു
കൃഷ്ണകിരീടമണിഞ്ഞു തൊടിയിൽ
മന്ദാര വെൺമ നിറഞ്ഞുവെങ്ങും
ചെങ്കൊടി വിടർത്തി ചെമ്പരത്തി
നീലിമ തെളിയിച്ച ശംഖുപുഷ്പമേ!
താളും തകരയുമെങ്ങുമെത്തി
എന്നിട്ടും കുഞ്ഞുങ്ങളെ നിങ്ങളിൽ
ഉത്സാഹമുണരാത്തതെന്തേ!

ഇന്നും തെളിയുമെൻ ഓർമ്മകളിൽ
നിറഞ്ഞൊഴുകുമീ ബാല്യകാലം
കാലം മറക്കിലൊരിക്കലുമതിൻ
കർത്തവ്യങ്ങൾ തൻ കുമ്പാരം
നരന്റെ ചെയ്തികളിൽ പെട്ട്
തെന്നി മാറുന്നു ഋതുഭേദങ്ങൾ
എങ്കിലും തൻ കർമ്മങ്ങൾ
കൃത്യമായ് ചെയ്യുന്നിതെന്നും
കുഞ്ഞുങ്ങളേ, നിഷ്കളങ്കമായ്
സ്വപ്നങ്ങൾ കാണൂ നിങ്ങൾ
എങ്ങും കളിയാടിയോടി നടക്കൂ
ശേഖരിക്കൂ പൂവർണങ്ങൾ
അണിയൂ പുതു വർണ്ണാടകൾ
എത്തീ, ഓണമെത്തീ മടി- യാതെ സ്വീകരിക്കൂ
മഹാബലിയെ.

# കിലോഗ്രാം മാറുന്നു



തൂക്കത്തിന്റെ അടിസ്ഥാന ഘടകമായ കിലോഗ്രാമിന്റെ ഭാരം നിശ്ചയിക്കുന്ന മാനദണ്ഡത്തിന് മാറ്റം വരുത്താൻ ഒരുങ്ങുന്നു. ഭൗതിക വസ്തുവിനെ
അടിസ്ഥാനമാക്കി നിർവചിച്ച അവസാനത്തെ അളവ് കോലും ഇല്ലാതാകും. നിർവചനം മാറുന്നുവെന്നുവച്ച് അളവിലോ തൂക്കത്തിലോ കുറവുവരുമെന്ന് കരുതണ്ട. പാരീസിൽ ഇന്റർനാഷണൽ ബ്യൂറോ ഓഫ് വെയ്റ്റ്സ് ആന്റ് മെഷേർസിന്റെ പക്കൽ വായുകടക്കാത്ത ചില്ലുക്കൂട്ടിൽവെച്ചിരിക്കുന്ന പ്ലാറ്റിനം,ഇറീഡിയം ദണ്ഡിന്റെ തൂക്കം അടിസ്ഥാനമാക്കിയാണ് നിലവിൽ കിലോഗ്രാം എന്ന അളവ് നിശ്ചയിക്കുന്നത്. കിലോഗ്രാമിന്റെ അന്താരാഷ്ട്ര മൂലരൂപം അഥവാ ലെ ഗ്രാൻഡ് കെ എന്നാണ് ഈ
ദണ്ഡ് അറിയപ്പെടുന്നത്.1889 മുതലായ ഈ രീതി അവലംബിച്ചത് അന്ന് രൂപം
കൊടുത്ത ലെ ഗ്രാൻഡ് കെ യ്ക്ക് കാലത്തിന്റെ പോക്കിൽ തെയ്മാനം

*ഉണ്ടാകാമെന്നും അതിനാൽ ഇതിനെ കിലോഗ്രാമിന്റെ സ്ഥിരമാത്രകയാക്കുന്നതിന്ന് പരിമിതിയുണ്ടെന്നും വാദമുയർന്നു. ഇത് കണക്കിലെടുത്താണ് പുതിയ രീതി അവലംബിക്കാൻ നിശ്ചയിച്ചത്. കിബിൾ ബാലൻസ് അഥവാ വാട്ട് ബാലൻസാകും ഇനി കിലോഗ്രാമിന്റെ അടിസ്ഥാനമാത്രക വൈദ്യുതകാന്തികശക്തി ഉപയോഗിക്കുമ്പോൾ ഭാരസന്തുലനം നേടാൻ എത്ര ഊർജം ഉപയോഗിക്കുന്നു എന്നതാണ് കിബിൾ ബാലൻസ് അളക്കുന്നത്. ഭൗതികശാസ്ത്രത്തിൽ വളരെ കൃത്യമായി അളന്നുതിട്ടപ്പെടുത്താവുന്നു പ്ലാങ്ക്സ് കോൺസ്റ്റന്റ് അഥവാ പ്ലാങ്ക്സ് സ്ഥിരാംങ്കണം എന്ന അളവാണ് ഇവിടെ ഉപയോഗിക്കുക.*



# നീർമാതളം എന്ന സത്യം

ഗാഥ മേനോൻ.പി 9A

കാറ്റിലാടുന്നുണ്ടായിരുന്ന നീർമാതളത്തിന്റെ പച്ചിലകൾ എന്നും ഞാൻ ആലോചിക്കാറുണ്ട്.''നീർമാതളം എത്ര മനോഹരമാണെന്ന്.'എന്റെ മുത്തശ്ശിയുടെ വീടിനടുത്ത് ഒരു നീർമാതളം പൂത്തുനിൽക്കുന്നത് ഞാനെന്നും ആലോചിക്കാറുണ്ട്.അതിന്റെ പച്ചിലകളും വെള്ള പൂവും കാണുമ്പോൾ എനിക്കു കുശുമ്പുതോന്നും.ഇത്രയും മനോഹരമായ പൂവ് എന്റ ജീവിത്തിൽ ആദ്യമായാണ് കാണുന്നത്.മുത്തശ്ശി പറയാറുണ്ട് നീ കുറുമ്പുകാട്ടിയില്ലെങ്കിൽ ഒരു നീർമാതള പൂവ് തരാമെന്ന്.അതിന്റെ കാലമാകുമ്പോൾ മുത്തശ്ശി തരാതെ തന്നെ ധാരാളം ഞങ്ങൾ പറിക്കാറുണ്ടയിരുന്നു. രാത്രികാലങ്ങളിൽ മുറ്റത്തിറങ്ങി നീർമാതളച്ചോട്ടിലിരിക്കാൻ എനിക്ക് വളരെ ഏറെ ഇഷ്ടമാണ്.ഒരു മറവത്തൂർ കാറ്റ് തഴുകുന്നതുപോലെ എനിക്ക് അനുഭവപ്പെടാറുണ്ട്.പക്ഷേ എന്റെ

## ശിഖരം

വീട്ടിൽ ആർക്കും ആ മരത്തെ ഇഷ്ടമല്ല.ഒരു ശല്യമായാണ് എല്ലാവരും
അതിനെ കാണുന്നത്.പക്ഷെ എന്റെ മുൻപിൽ പരന്നു കിടക്കുന്ന
പച്ച കടൽ പോലെയാണ് എനിക്ക് തോന്നാറുള്ളത്. തന്നെ വെട്ടാൻ
വരുന്ന മരം വെട്ടുകാരെ പോലും നീർമാതളം
വഴക്കുപറയുന്നില്ല.എന്റെ ജീവിതത്തിൽ ഒരനുഭവമായാണ്
നീർമാതളത്തെ ഞാൻ കാണുന്നത് നീർമാതളത്തെ അറിഞ്ഞ
ചുരുക്കം
ചിലർ മാത്രം ഇന്ന് ഈ സത്യമാകുന്നലോകത്തുള്ളു.ഇപ്പോഴും
കാറ്റിൽ
കൈകളും തലയും ഉയർത്തി ആടുന്നുണ്ട് ആ പച്ചിലകൾ.........





കൃഷ്ണദാസ് എം.വി.
9A

# ദൈവത്തിന്റെ സ്വന്തം നാട്

ഇളം കാറ്റിൽ ആടുന്ന വയലുകൾക്കു മീതെ,
തത്തമ്മച്ചുണ്ടിൽ കതിരുകൾ ആടിയാടി
സൂര്യപ്രഭയിൽ തിളങ്ങി തിളങ്ങി,
ആനന്ദ ഉല്ലാസ,സന്തോഷ സൂചന നൽകി
നീയെങ്ങോട്ടു പോകുന്നുയീയുഷസ്സിൽ
നിനക്കുസ്വാഗതം കേരളനാട്ടിൽ
ഇത് പൊന്നു വിളയിച്ച നാട്,
കേര വൃക്ഷങ്ങൾ തൻ നാട്
ഇത് ദൈവത്തിന്റെ സ്വന്തം നാട്....
ചെമ്പകം പൂത്ത പുലരിയിൽ,ആടിപറക്കുന്ന നിന്നെ
കാറ്റിന്റെ ഈണത്തിൽ ഏവർക്കും സാക്ഷിയായ്
സ്വാഗതം ചെയ്യുന്നു നിന്നെ തത്തേ
നിന്നുടെ പാട്ടുകൾ കേൾക്കുവാൻ മോഹം
പാടി പാടി നീ പറക്കുകേരളം മുഴവൻ നീ പറക്കൂ.



# കുത്തരി ചോറ്



നിരഞ്ജൻ വി ബി
9A

*കുത്തരി ചോറിന്റെ കൈപ്പാർന്ന മധുരം*
*എന്റെ നാവിൽ പകരുന്ന അമ്മ*
*ശൈശവക്കാലത്തിൽ അച്ഛന്റെ വേർപ്പാട്*
*ചൊല്ലി കരഞ്ഞീടും എൻ ഉള്ളം*
*സാന്ത്വന മേകുവാൻ മാതാവു ചൊല്ലി*
*തരുന്ന കഥകൾ പലതും എൻ*
*ഇടനെഞ്ചിലാണു ഞാൻ കൊറീട്ടുന്നത്*
*വറ്റിയ കണ്ണീരിൻ പാടുകൾ അമ്മതൻ*
*ആനനം വികൃതമാക്കീടുമ്പോൾ*
*അമ്മതൻ ഛായ എന്റെ മനസ്സിൽ എത്ര*
*സുന്ദരം പലവേല ചെയ്തു പലനാടുതാണ്ടി*
*കാതമെത്ര ഓടീടുന്നു ജീവിതം*

അമ്മ ചൊല്ലി തരുന്ന ഗുണപാഠ മെല്ലാം
കുത്തരി ചോറും പോൽ കൈപ്പാർന്നു
പിന്നീട് യൗവനത്തിലെതീടുമ്പോഴാണു
കുത്തരി ചോറിന്റെ മാധുര്യമനുഭവപ്പെടുന്നതു

അമ്മതൻ സാമീപ്യമെന്നിലില്ലെങ്കിൽ
ഞാനൊരു അർധചന്ദ്രകലയായിത്തീരും
അമ്മതൻ ചുംബനമെന്നിൽ ഗന്ധസാരം
ചാർത്തുന്നതു പോലെയാണ്

ഒരുനാൾ ആ കൈകൾ നിശ്ചലമായി
ഒരുനാൾ ആ മിഴകൾ എന്നെന്നേക്കുമായുള്ള
നിദ്രയലാണ്ടു

# സ്വപ്നത്തിലേക്ക് ഒരു യാത്ര






ഗായത്രി തേജസ്സ് മേനോൻ
10 A

9-10-18 ചൊവ്വാഴ്ച രാത്രി 7.30 ന് ഞങ്ങൾ ഞങ്ങളുടെ സ്വപ്നയാത്ര പുറപ്പെട്ടു. അഞ്ചാം ക്ലാസ്സ് മുതൽ മനസ്സിൽ കൊണ്ടുനടന്ന ആഗ്രഹമാണ് 10-ലെ സ്കൂൾ ടൂർ ഒന്നിൽ പിഴച്ചാൽ മൂന്നിൽ എന്നല്ലേ. അതുകൊണ്ടു ഞങ്ങൾ ചൊവ്വാഴ്ച പോകുമെന്ന് ഉറപ്പിച്ചു. . 7.00 മണിയായപ്പോൾ ഞങ്ങളെല്ലാവരും സ്കൂളിലെത്തി . ഒരു സ്വപ്നലോകത്ത് എന്ന പോലെയായിരുന്നു ഞാൻ. ഞങ്ങൾ പോകുന്ന ലൂലൂ ബസ്സ് വന്നിരുന്നു.അവിടുത്തുർ ഉള്ള ചേട്ടൻമാരാണ് ടൂർ ഏർപ്പാട്

ചെയ്തത്എല്ലാവരുടേയും മുഖത്ത് സന്തോഷപ്പുഞ്ചിരി. ഞങ്ങളുടെ ഒപ്പം ടൂറിനു വരുന്നത് രാമൻമാഷ്, അംബികടീച്ചർ,ഗിരിജടീച്ചർ,രമടീച്ചർ. കുട്ടികളുടെ മാതാപിതാക്കളും വിനോദ് മാഷും മെജോ മാഷും കൂടി ഞങ്ങളെ സന്തോഷപൂർവ്വം യാത്രയാക്കി. അങ്ങനെ ഞങ്ങൾ ഞങ്ങളുടെ സ്വപ്നയാത്ര തുടങ്ങി.

അവിട്ടത്തൂരിൽനിന്ന് തൃശ്ശൂർ എത്തുന്നതുവരെ ഞങ്ങൾ ബസ്സിൽ അടിച്ചുപൊളിച്ചു. തൃശ്ശൂർ എത്തിയതുപോലും ഞങ്ങൾ അറിഞ്ഞില്ല. റൌണ്ടിൽ ബസ്സിറങ്ങി ഞങ്ങൾ രാംദാസ് തിയേറ്ററിലേക്കു നടന്നു.റാംദാസ് തിയേറ്ററിൽ 9.00 ക്ക് സിനിമ തുടങ്ങി. 'വരത്തൻ' എന്നായിരുന്നു സിനിമയുടെ പേര്. കഥ ഞാൻ കേട്ടിട്ടുള്ളതുകൊണ്ട് സിനിമയുടെ ത്രില്ലൊന്നും ഉണ്ടായിരുന്നില്ല. കൂട്ടുകാരുടെ ഒപ്പം സിനിമ കാണുന്നത് മറ്റൊരനുഭവമാണ്. വരത്തൻ ഫസ്റ്റ് ഹാഫ് വളരെ ബോറായിരുന്നു. എന്നാൽ ക്ലൈമാക്സ് എല്ലാവർക്കും ഇഷ്ടപ്പെട്ടു.പിന്നെ സിനിമ കാണുമ്പോൾ കറുമുറ കടിച്ചിരിക്കുന്നതും കൂട്ടുകാർക്ക് കഥ പറഞ്ഞു കൊടുക്കുന്നതും ഒരു രസമാണല്ലോ. സിനിമ തീർന്നപ്പോൾ 11.30 . അപ്പോഴേക്കും വയറ് കത്തിത്തുടങ്ങി. കുട്ടികളെല്ലാവരും ഭക്ഷണം കയ്യിലെടുത്തിരുന്നു.ആ പാതിരാത്രി ഞങ്ങളെല്ലാവരും കൂടി നക്ഷത്രങ്ങളുടെ കീഴിൽ വടക്കുനാഥന്റെ മുൻപിലിരുന്ന് ഭക്ഷണം കഴിച്ചു.എന്തൊരു നിശബ്ദമാണ് പൂരപ്പറമ്പ്. വാദ്യമേളങ്ങളില്ലാതെ ജനഘോഷമില്ലാതെനിശബ്ദമായ അന്തരീക്ഷം. ഇങ്ങനെ തിരക്കില്ലാതെ തൃശ്ശൂർ റൌണ്ട് കാണാൻ പറ്റുമെന്ന് ഞാൻ വിചാരിച്ചില്ല. അതിന് സ്കൂളിന് നന്ദി.തൃശ്ശൂർ തീരുന്നതുവരെ എല്ലാവരും വീണ്ടും ബസ്സിൽ അടിച്ചുപൊളിച്ചു. 12.30 ആയപ്പോൾ പാട്ട് നിർത്തി സിനിമ വെച്ചു. 'ഞാൻ മേരിക്കുട്ടി' ഞാൻ കണ്ടിട്ടുണ്ടായിരുന്നു. എന്നാൽ ഉറങ്ങാൻ കഴിഞ്ഞില്ല. നിലമ്പൂരുവഴി മൈസൂര് പോകുമെന്നാണ് ഞാൻ കരുതിയിരുന്നത്. മൂന്നര മണിയായപ്പോഴാണ് ഞങ്ങൾ കോഴിക്കോടെത്തിയത്. കോഴിക്കോടെനിക്ക് വളരെ നൊസ്റ്റാൽജിയാ ഫീലിങ് നൽകുന്ന സ്ഥലമാണ്. പിന്നെ വയനാട് ചുരമെത്തി. എന്തൊരു രസമാണ് ചുര കേറി വരുമ്പോൾ. ഞാൻ നാലാം ക്ലാസ്സിൽ

പഠിക്കുമ്പോൾ മൈസൂര് പോയിട്ടുണ്ട്. അന്ന് ഞങ്ങളുടെ കാറിനു നേരെ ബന്ധിപ്പൂർ കാട്ടിൽ വച്ച് ആന വന്നു. അതുകൊണ്ട് എനിക്ക് കുറച്ച് പേടിയുണ്ടായിരുന്നു ബന്ദിപ്പൂർ ഫോറസ്റ്റ് കാണാൻ. പക്ഷേ കൂട്ടുകാരുമൊത്ത് കാട്ടിലൂടെയുള്ള യാത്ര നല്ല രസമായിരുന്നു. അങ്ങനെ ഞങ്ങൾ 9.00 യോടെ ഞങ്ങളുടെ സ്വപ്നനഗരിയിലെത്തി. “മൈസൂർ” എന്തൊരു മനോഹരമായ നഗരം. ദസറ ആഘോഷത്തിന്റെ പ്രഭയിൽ വളരെ സുന്ദരിയായ മൈസൂർ ഞങ്ങളെ വരവേറ്റു. ഞങ്ങൾ കുളിച്ച് ഫ്രഷാവാനായി ശില്പാ റെസിഡെൻസിയിൽ പോയി. നല്ല സൌകര്യമുള്ള മുറിയായിരുന്നു. 10.00-യോടെ ഞങ്ങളെല്ലാവരും ഭക്ഷണം കഴിച്ച് മൈസൂരിനെ പരിവേഷണം ചെയ്യാൻ പുറപ്പെട്ടു.ആദ്യം ഞങ്ങൾ ഞങ്ങളുടെ ഫസ്റ്റ് ഡെസ്റ്റിനേഷനായ മൈസൂർ 200-ലെത്തി. ഞങ്ങളുടെ കണ്ണുകൾ 200-നേക്കാൾ കൂടുതൽ പോയത് ചുറ്റുമുള്ള കടകളിലേക്കായിരുന്നു. അവിടെ ഞങ്ങൾ പക്ഷികളേയും മൃഗങ്ങളേയുമൊക്കെ കണ്ടു. വൈറ്റ് പീക്കോക്ക്,ലയൺ,ജിറാഫ് എന്നിവയാണ് എന്നെ ആകർഷിച്ചത്. പിന്നെ ഞങ്ങൾ ഉച്ചഭക്ഷണം കഴിച്ചു. 200-ൽ 5 km നടന്നതിൽ ക്ഷീണമുള്ളതിനാൽ ശ്രീരാഗപ്പട്ടണം വരെയുള്ള യാത്രയിൽ ഞങ്ങൾ നന്നായി മൈസൂരിനെ കണ്ടു. മൈസൂരിനെ ഒരു നഗരമെന്നു വിളിക്കണോ അതോ ഗ്രാമമെന്നു വിളിക്കണോ ? ഒരു ഭാഗത്ത് പച്ചപ്പുൽ പാടങ്ങളും കൃഷിയിടങ്ങളും നിറഞ്ഞ ഗ്രാമാന്തരീക്ഷം. മറ്റൊരിടത്ത് തിരക്കിട്ട് പാഞ്ഞു പോകുന്ന നഗരം. ശ്രീരാഗപട്ടണത്ത് ഞങ്ങളെ വരവേറ്റത് ടിപ്പു സുൽത്താനായിരുന്നു എന്നു വേണമെങ്കിൽ പറയാം. ആദ്യം ഞങ്ങൾ പോയത് 3 നദികൾ കൂടിച്ചേരുന്ന സംഗമത്തിലേക്കാണ്.പക്ഷേ അവിടെ മനുഷ്യരുടെ കടന്നുകയറ്റം കാരണം മാലിന്യമായിരുന്നു. പിന്നെ ഞങ്ങൾ ടിപ്പുവിന്റെ കബറിടത്തിൽ പോയി.അവിടത്തെ ഉദ്യാനം വളരെ മനോഹരമായിരുന്നു. അവിടത്തെ ചരിത്രം ഞങ്ങൾക്ക് ഒരു വ്യക്തി പറഞ്ഞുതന്നു. അച്ഛൻ ഹൈദരലിയുടെ കബറ് കണ്ടു. പിന്നെ ഞങ്ങൾ ടിപ്പു വെടിയേറ്റ് മരിച്ച ആ സ്ഥലം കണ്ടു. പിന്നെ ഞങ്ങൾ പോയത് ടിപ്പുവിന്റെ വാട്ടർ ജെയിലിലേക്കായിരുന്നു. പിന്നെ

ഞങ്ങൾ പീരങ്കികണ്ടു. സിനിമകളിൽ കണ്ടിട്ടുണ്ടെങ്കിലും അടുത്തുകാണാൻ സാധിച്ചു. പിന്നെ ഞങ്ങൾ അവിടെനിന്ന് യാത്രതിരിച്ചത് ഞങ്ങളുടെ അടുത്ത പ്രധാന സ്ഥലം,വൃന്ദാവൻ ഗാർഡൻ. അവിടെ ഞങ്ങളെ വരവേറ്റത് ശ്യാമസുന്ദരമായ ഒരു സന്ധ്യയായിരുന്നു. ആ പുൽമേട്ടുകളിലിരുന്ന് ഞങ്ങൾ കുറേ നേരം കളിച്ചു, കുശലം പറഞ്ഞു. ഒരിക്കലും മറക്കാനാവാത്ത നിമിഷങ്ങൾ സമ്മാനിച്ചു. പിന്നെ 6.30 ആയപ്പോൾ മ്യൂസിക്കൽ ഫൌണ്ടെയിൻ. ഇരുൾ നിറഞ്ഞ രാത്രിയിൽ വെള്ളത്തിന്റെ ആ നൃത്തം ഞങ്ങളോരോരുത്തരുടേയും മനസ്സിൽ ഒരു പുത്തൻഅനുഭവമായിമാറി. ഒരു വട്ടം കൂടി കാണണമെന്നുണ്ടായിരുന്നു. വൃന്ദാവനിൽ നിന്ന് ഹോട്ടൽ വരെ ഞങ്ങൾ ബസ്സിൽ തകർത്തു. പിന്നെ ഞങ്ങൾ പോയത് ഹോട്ടൽ ശില്പാ റിസോട്ടിലേക്കായിരുന്നു. അവിടെ ഒരു മുറിയിൽ നാല് കുട്ടികളോട് കേറാൻ പറഞ്ഞു. ഞാൻ,ഐശ്വര്യ,അനു,അമൃത,ഒരു മുറിയിൽ കയറി. ഞങ്ങൾ ഫ്രഷായി വന്നപ്പോൾ അതാ ഞങ്ങൾക്ക് മറ്റൊരു സർപ്രൈസ്, ഡി.ജെ പാർട്ടി. കേട്ടിട്ടേയുള്ളൂ കണ്ടിട്ടില്ല. ആദ്യം പോകാനൊന്ന് മടിച്ചെങ്കിലും കേറിയപ്പോൾ മനസ്സിലായി കേറിയില്ലെങ്കിൽ നഷ്ടപ്പെട്ടുപോയേനെയെന്ന് പിന്നെ ഞങ്ങളെല്ലാവരുമൊത്ത് ഒരു കാന്റീൽ ലൈറ്റ് ഡിന്നറും കഴിച്ചു.ആ ദിവസത്തെ യാത്രയുടെ ക്ഷീണം കാരണം ഉറങ്ങാൻ കിടന്നതേ അറിഞ്ഞുള്ളൂ.

രാവിലെ 6.00-ക്ക് വാതിലിൽ മുട്ട് കേൾക്കുമ്പോഴാണ് എഴുന്നേൽക്ക്ന്നത്. ഞങ്ങൾ എല്ലാവരും വേഗം കുളിച്ചൊരുങ്ങി ബ്രെയിക് ഫാസ്റ്റ് കഴിച്ച ഞങ്ങൾ താമസിക്കുന്നതിന്റെ അടുത്ത് ഒരു ചെറിയ ബണ്ടുണ്ടായിരുന്നു.ഞങ്ങൾ അവിടം വരെ പോയി. നല്ല തെളിവെള്ളമായിരുന്നു. എല്ലാവരും വെള്ളത്തിലിറങ്ങി കാല് നനച്ചു. കുറച്ചു നേരം അവിടെ

നിന്നെങ്കിലും 9.45-ഓടെ ഞങ്ങൾ അവിടെ നിന്ന് യാത്ര തിരിച്ചു. പിന്നെ ഞങ്ങൾ പോയത് സെന്റ് ഫിലോമിനാസ് ചർച്ച്.അവിടത്തെ പ്രത്യേകത എന്നു പറയുന്നത് അത് ഒരു അണ്ടർഗ്രൌണ്ട് ചർച്ചാണ്.

ഞങ്ങളുടെ അന്നത്തെ യാത്ര ശുഭകരമാവട്ടെയെന്ന പ്രാർഥിച്ച് ഞങ്ങൾ ചാമുണ്ടി ഹിൽസിലേക്ക് യാത്ര പുറപ്പെട്ടു. ചാമുണ്ടി അഹല്ല്യത്തിലേക്കു പോകുന്ന വളവിലൂടെ താഴേക്കു നോക്കിയാൽ മൈസൂർ സിറ്റി കാണാൻ സാധിക്കും. വളരെ പ്രശസ്തമായ അമ്പലമാണെങ്കിലും നിർഭാഗ്യവശാൽ കേറാൻ കഴിഞ്ഞില്ല. പിന്നെ ഒന്നര മണിക്കൂർ ഷോപ്പിങ്ങിന്റെ ലോകത്തായിരുന്നു കുട്ടികൾ. നാട്ടിൽ 1000 രൂപക്ക് കിട്ടുന്നത് അവിടെ 500 രൂപക്ക് കിട്ടുമെന്ന് കേട്ടിട്ടുണ്ടെങ്കിലും അനുഭവിച്ചറിയാൻ സാധിച്ചു. 1.30-ന് ഞങ്ങൾ അവിടെ നിന്ന് തിരിച്ച് വ്യൂ പോയിന്റിൽ എത്തി. അവിടെ വച്ച്ഞങ്ങൾ ബസ്സിന്റെ
മുകളിൽ കയറി ഒരു കിടിലൻ ഗ്രൂപ് ഫോട്ടോ എടുത്തു. നല്ല നിമിഷങ്ങളുടെ ഛായാചിത്രം. വ്യൂ പോയിന്റിൽ നിന്ന് ഞങ്ങൾ മൈസൂർ സിറ്റിയെ വീക്ഷിച്ചു. 2.15 ആയി
ഭക്ഷണം കഴിച്ചപ്പോൾ നല്ല വിശപ്പുണ്ടായിരുന്നതിനാൽ ഭക്ഷണത്തിന് നല്ല സ്വാദുണ്ടായിരുന്നു. പിന്നെ ഞങ്ങൾ മൈസൂർ മ്യൂസിയം കാണാൻ പോയി. പക്ഷേ ഞങ്ങൾക്ക് ഉള്ളിൽ കേറാൻ സാധിച്ചില്ല. ക്ലോസ് ചെയ്തിരിക്കുകയായിരുന്നു. പിന്നെ ഞങ്ങൾ മൈസൂർ പാലസിലേക്കു പോയി. മൈസൂർ പാലസിന്റെ ഉള്ളിൽ ഞാനാദ്യമായാണ് കേറുന്നത്. ദസറ നടക്കുന്ന സമയമായതിനാൽ അതിന്റേതായ ഒരുക്കത്തിലായിരുന്നു കൊട്ടാരം. 5.30 ആയപ്പോൾ ഞങ്ങളെല്ലാവരും ഗാർഡനിൽ ഒത്തുകൂടി ടൂറിനെക്കുറിച്ചുള്ള അഭിപ്രായങ്ങൾ പറഞ്ഞു. എനിക്ക് വളരെ സങ്കടമായി.മൈസൂരിനെ വിട്ട് പോകാനേ തോന്നിയില്ല. പക്ഷേ തിരിച്ചു പോന്നല്ലേ പറ്റൂ. ഒരു വിഷമമേയുണ്ടായിരുന്നുള്ളൂ. രാത്രിയിൽ ശോഭിച്ചു നിൽക്കുന്ന മൈസൂർ കൊട്ടാരം കാണാൻ പറ്റിയില്ല. എന്നാൽ ഞങ്ങളുടെ മറ്റൊരു സങ്കടം മാറി. മൈസൂരിലെ ദസരയുടെ
ആഘോഷങ്ങളും ലൈറ്ററെയിഞ്ച്മെന്റും കാണാൻ പറ്റി.മൈസൂർ മുതൽ ഗുണ്ടൽപേട്ട് വരെ ഞങ്ങൾ ഞങ്ങളുടെ ടൂറിന്റെ അവസാന നിമിഷങ്ങൾ മനോഹരമാക്കി. രാമൻ മാഷ് കൂളിങ് ഗ്ലാസ് വച്ചത് അടിപൊളിയായിരുന്നു. പിന്നെ ഞങ്ങളുടെ കൂടെയുണ്ടായിരുന്ന

*അലക്സിന്റെ അമ്മൂമ മരിച്ച വാർത്ത അറിഞ്ഞ് പിന്നെ ആകെ നിശബ്ദരായി. പിന്നെ ഞങ്ങൾ കുറച്ച് അന്ധാക്ഷരി കളിച്ചു. കാട്ടിലൂടെയുള്ള യാത്രയിൽ ഏതെങ്കിലും ഒരു മൃഗത്തെ കാണാനാഗ്രഹിച്ചുവെങ്കിലും ഒരു എലിക്കുഞ്ഞിനെ പോലും കാണാൻ സാധിച്ചില്ല.. പിന്നെ ഞങ്ങൾ കുറേനേരം അംബികടീച്ചറിനോടും ഗിരിജടീച്ചറിനോടും വർത്തമാനം പറഞ്ഞിരുന്നു.സുൽത്താൻ ബത്തേരിയിൽ ഞങ്ങൾക്ക് ഡ്രെസ്സ് മാറാനുള്ള സൌകര്യം ഒരുക്കിയിരുന്നു. അവിടെ നിന്നു ഞങ്ങൾ രാത്രി ഭക്ഷണം കഴിച്ചു. കുട്ടികൾക്ക് എല്ലാവർക്കും സ്വീറ്റ്സ് വാങ്ങാത്തതിൽ വിഷമമുണ്ടായിരുന്നു. അതുകൊണ്ട് കോഴിക്കോട് ഒരു കടയിൽ നിർത്തി എല്ലാവരും ഹൽവ വാങ്ങി. കോഴിക്കോട് നിന്ന് തൃശ്ശൂർ എത്തുന്നതു വരെ എല്ലാവരും ഒന്നു മയങ്ങി. തൃശ്ശൂർ മുതൽ സ്കൂൾ എത്തുന്നതു വരെ ഞങ്ങൾ എല്ലാവരും ബസ്സിൽ നന്നായി ടിസ്റ്റടിച്ചു. പുല്ലൂർ എത്തിയപ്പോഴേക്കും ഞങ്ങൾക്ക് എല്ലാവർക്കും വിഷമമായി. ടൂർ അവസാനിക്കാൻ പോവുകയാണ്. രാവിലെ 4.30-യോടെ ഞങ്ങൾ സ്കൂളിലെത്തി. കുട്ടികൾ മാതാപിതാക്കളെ കാത്തുനില്ക്കുന്നുണ്ടായിരുന്നു. എല്ലാവരും ഒരു പൂരത്തിനു ശേഷം വീട്ടിലേക്ക് മടങ്ങി. പത്താം ക്ലാസ്സിലെ ടൂർ ഞങ്ങൾ എല്ലാവരുടേയും മനസ്സിൽ സമ്മാനിച്ചത് എക്കാലത്തും ഓർത്തുവക്കാനുള്ള ഒത്തിരി ഓർമ്മകളാണ്.ഒരിക്കലും മാഞ്ഞുപോകാത്ത നിമിഷങ്ങൾ.ജീവിതത്തിലെന്നും ഓർത്തിരിക്കാൻ ലഭിച്ച നിമിഷങ്ങൾ. കലാലയ കാലഘട്ടത്തിലെ ഓർമ്മച്ചെപ്പുകളിലേക്ക് എന്നെന്നും സൂക്ഷിക്കാൻ ഒരു യാത്ര.*

# ഓർമയുടെ വസന്തം



സൂര്യ എം.ടി 9A

ഞാനേതോ മനോരാജ്യത്തായിരുന്നു.പെട്ടന്നാണ് എന്റെ പഴയകാലത്തെ കുറിച്ചുള്ള ഓർമ്മകളിലേക്ക് ആരോ എന്നെ കൂട്ടികൊണ്ടുപോയി.....

എന്റെ തറവാട്,എന്നും എനിക്ക് ഓർക്കാൻ കുറച്ച് നല്ല ഓർമ്മകൾ തന്ന എന്റെ കുട്ടിക്കാലം,എന്റെ പ്രിയപ്പെട്ട തേൻമാവും കുറിഞ്ഞിപൂച്ചയും ഇവയെല്ലാം പെട്ടെന്ന് എന്റെ മനസ്സിലേക്ക് ഒരു പൂങ്കാറ്റുപോലെ ഒഴുകിയെത്തി.എന്നെ ഒത്തിരി ഇഷ്ടപ്പെട്ട ഒരാളായിരുന്നു എന്റെ മുത്തശ്ശി.രാവിലെ എഴുന്നേറ്റുകഴിഞ്ഞാൽ മുതൽ വൈകീട്ട് കിടക്കുന്നതുവരെ ഞാൻ മുത്തശ്ശിയുടെ കൂടെയായിരുന്നു.മുത്തശ്ശി മുത്തശ്ശിയുടെ പഴയകാലത്തെധാരാളംഓർമ്മകളും

,അനുഭവങ്ങളും,പഴങ്കഥകളുമെല്ലാം എനിക്ക്
പറഞ്ഞുതരുമായിരുന്നു.എനിക്ക് പലപ്പോഴും തോന്നിയിട്ടുണ്ട് മുത്തശ്ശി
എന്റെ സുഹൃത്തായിരുന്നു.അമ്മയേക്കാൾ എനിക്ക് അടുപ്പം
മുത്തശ്ശിയോടായിരുന്നു.മുത്തശ്ശി കഴിഞ്ഞാൽ എന്റെ ഏറ്റവും വലിയ സുഹൃത്തുക്കളായിരുന്നു കുറിഞ്ഞിപൂച്ചയും
തേൻമാവും.ഇവരോട് ഞാൻ ഒരു
സുഹൃത്തിനോടെന്ന പോലെ സംസാരിക്കുമ്പോൾ എനിക്ക് ലേശം കുറവുണ്ട് എന്ന്
ആരും സംശയിക്കും എന്നെന്റെ അച്ഛൻ പറയാറുണ്ട്.എന്നാൽ
ഞാനതൊന്നും വകവയ്ക്കാറില്ല. അങ്ങനെയിരിക്കുമ്പോഴാണ്
ആ വാർത്ത എന്നെതേടിയെത്തിയത്.
അച്ഛന് പഞ്ചാബിലേക്ക് മാറ്റം ലഭിച്ചിരിക്കുന്നു.എത്രയും പെട്ടന്ന് തന്നെ
അങ്ങോട്ടേക്ക് പോകുമെന്നും എന്നെയും അമ്മയേയും കൂടെകൊണ്ടുപോകുമെന്നും
അച്ഛൻ പറയുകയും ചെയ്തു.മുത്തശ്ശിയേയും എന്റെ പ്രിയ കൂട്ടുക്കാരേയും പിരിഞ്ഞ്
അന്യമായ ഒരു ദേശത്ത് പോയി ജീവിക്കുക എന്ന കാര്യം എനിക്ക് ആലോചിക്കാൻ
പോലുമാകില്ലായിരുന്നു.മുത്തശ്ശിയേയും കൂടെകൂട്ടണം എന്ന എന്റെ ആവശ്യത്തിന് ആദ്യം തടസ്സം നിന്നത്
മുത്തശ്ശിതന്നെയാണ്.ബാല്യം മുതൽ ജനിച്ചുവളർന്ന നാടും

ശിഖരം

*വീടും വിട്ട് അന്യദേശത്ത് പോയി താമസിക്കാൻ മുത്തശ്ശിയുടെ മനസ്സ് സമ്മതിച്ചില്ല. അതിനാൽ അവസാനം എനിക്ക് അച്ഛന്റെ തീരുമാനമനുസരിച്ച് അവരുടെ കൂടെ പഞ്ചാബിലേക്ക് പോകേണ്ടിവന്നു. അങ്ങനെയാണ് ഇന്ന് ജീവിക്കുന്ന ഈ നാട്ടിൽ വന്നെത്തിയത്. ആദ്യമൊന്നും അവിടത്തെ ജീവിതവുമായി പൊരുത്തപ്പെടാൻ സാധിച്ചില്ല. എന്നാൽമാറ്റങ്ങൾ എന്നും ജീവിതത്തിന്റെ ഭാഗമാണ് എന്ന് മനസിലാക്കി ഞാൻ ഈ ജീവിതവുമായി പൊരുത്തപ്പെട്ടു. ഇന്നു ജീവിതത്തിന്റെ അവസാന നാളുകളിൽ മരവിച്ച ഈ ആശുപത്രിമുറിയിൽ ചിലവഴിക്കുമ്പോൾ പണ്ടത്തെ മൂന്നു വയസുകാരിയായി മുത്തശ്ശിയുടെ കൂടെനടക്കാൻ എന്റെ മനസ്സ് വെമ്പൽ കൊള്ളുന്നു. ഒരിക്കലുംനടക്കില്ല എന്നറിഞ്ഞിട്ടും.......*

# എൻ സുവർണ്ണ പടികൾ



അച്ഛൻ താരാട്ടുപാട്ടിന്റെ

ഈണത്തിൽ............

പുഞ്ചിരി തുകുമെൻ നൊമ്പരം....

അമ്മയുടെ വാൽസല്യത്തലോടലും

കൊണ്ടെന്റെ മനമൊന്നുറങ്ങിപോയറിയാതെ......

എന്റെ മനസ്സിനെ ചഞ്ചലമാക്കിയ.........

ഒരുപാടു കിനാവുകൾക്കായി

ഞാൻ മനം തുറന്നു....

ഞൊടിച്ച നേരം നിശ്ചലമാകുമെന്ന

വികാരവുമുണ്ടായി എൻ മനസ്സിൽ....

## ശിഖരം

എപ്പോഴോ ഞാൻ അറിയാതെ  ഉറങ്ങിപ്പോയ്....
എന്റെ മനസ്സിലേക്ക് ഓരോ സുവർണ്ണ
പടികൾ ഉയർന്നു വന്നുകൊണ്ടിരിക്കുന്നു....
ഞാനൊന്നു അറിയാതെ സ്പർശിച്ചപ്പോൾ
എന്റെ ഹൃദയം ആഹ്ലാദത്താൽ തുള്ളിച്ചാടി....

എന്റെ മനസ്സിൽ കുറെ....
ഭയാനകവും എന്റെ മനത്തെ
മോഹിപ്പിക്കുന്നതുമായ സ്വപ്നങ്ങൾ
വലംവയ്ക്കുന്നതായി.....
എന്നെ തോന്നിപ്പിച്ചു....

അന്നൊരു വിശിഷ്ടമായ ദിവസമായിരുന്നു...
എന്റെ ജനന ദിവസം...
അച്ഛൻ      ഒരുപാടു ഉപഹാരവുമായി
എൻ മനസ്സിൻ പുറത്തുനിൽക്കുന്നു....
ഇത് സ്വപ്നമാണോ..

ഞാൻ എന്റെ വികാരത്തിൽ...
നിന്ന് ഉണർന്നപ്പോൾ....
അതാ എൻെറ മുന്നിൽ......
ആ നടുങ്ങിയ സ്വപ്നത്തിൽ

എൻ കണ്ണുകൾ ഞാൻ
ചിമ്മാതെ നോക്കീ

പക്ഷെ എൻെറ മനം എന്നെ
ഉണരുവാൻ അനുവദിക്കുന്നില്ല
ആഞ്ഞുലഞ്ഞു വലിക്കുന്നതുപോലെ
എൻെറ മനം വല്ലാതെ നൊന്തു....

പക്ഷെ ആ നോവിൻെറ....
 വേദന ഞാനറിഞ്ഞപ്പോൾ
അതിയാകർഷകമായൊരു  താക്കോൽ
എൻ പക്കൽ

ഞാൻ അതൊന്നു എടുക്കാൻ
ശ്രമിച്ചു.......
അവസാന  ശ്രമത്താൽ
ആ  സുവർണ്ണ  വാതിൽ  തുറന്നു

വാതിൽ   തുറന്നപ്പോൾ  എൻ......
കണ്ണുകൾ  അറിയാതെ  ചിമ്മിപ്പോയി
എൻ  കണ്ണുകളിൽ   ആ  പ്രഭാവത്തിന്റെ
തിളക്കം  ഓർത്തുവച്ചു   നിന്നു.....

സൂര്യനെപ്പോലെ  പ്രഭാവം
നക്ഷത്രത്തിന്റെ  തിളക്കം
പാദങ്ങൾക്ക്  ചുറ്റും  ഗ്രഹങ്ങൾ  വലം  വയ്ക്കുന്നു
ആർക്കുമില്ലാത്ത ഒരു ശരീരപ്രകൃതി

## ശിഖരം

ഞാൻ അറിയാതെതന്നെ അങ്ങയുടെ
അടുത്ത് കൈകൂപ്പി
എന്നിൽ ഞാനറിയാതെ എന്തോ
ചൈതന്യം വന്നുപോയി
ഇതാണെന്റെ സുവർണ്ണ പടികൾ



# രാത്രി വണ്ടി



***അഞ്ജന പി***

***IX A***

*ഇരുണ്ട ശിലയെ കീറി മുറിക്കുന്നപോലെരാത്രി വണ്ടി കുതിക്കുകയാണ്.. പായുന്ന മരങ്ങളെ ജാലകത്തിലൂടെ നോക്കിയ ശേഷം ട്രെയിനിലെ സീറ്റിൽ തല ചായ്ച്ചു കിടന്നു. അവർ ഒരു യാത്രയിലാണ് .തീവണ്ടി മുന്നോട്ടു കുതിച്ച് അവളെ ലക്ഷ്യസ്ഥാനത്തേക്ക് കൊണ്ടുപോകുകയാണ് .ഈ വണ്ടി ഒന്നു പിന്നോട്ടു ചലിച്ചിരുന്നെങ്കിൽ ... അവളുടെ തിക്കേറിയ യൗവ്വനം മറഞ്ഞ് നിഷ്കളങ്കമായ ബാല്യം വന്നിരുന്നുവെങ്കിൽ ... അവൾ അവളുടെ മധുരിക്കു ന്ന ബാല സ്മരണകളുടെ താളുകൾ മറച്ചു .അവളുടെ അമ്മൂമ്മയോടൊത്തുള്ള രസമേറുന്ന ബാല്യം...*

*നാലുകെട്ടോടു കൂടി പ്രൗഢിയേറുന്ന തറവാട്. തണൽ മരങ്ങളുടെ തണുപ്പേറുന്ന പച്ച വിരിപ്പ് ,ഒരിക്കലും ഉള്ളു കാണിക്കാത്ത കിണർ , അമ്മൂമ്മ കാണാതെ കൈതപ്പൂവ് തന്റെ പെട്ടിയിൽ വയ്ക്കാൻ പറച്ചിട്ട് ,തന്നെ കണ്ടുപിടിക്കാതിരിക്കാൻ സ്ഥിരം ഒളിക്കാറു ള്ള ചായിപ്പ് ... എല്ലാം...എല്ലാം...അവർ വർണ്ണങ്ങളും*

*ചായങ്ങളും ഇല്ലാതെ തന്റെ മനസ്സാകുന്ന പ്രതലത്തിൽ വരച്ചെടുത്തു .*

*തറവാട്ടിൽ ഭൂരിഭാഗവും പെൺകുട്ടികളാണെങ്കിലും അമ്മൂമ്മയ്ക്ക് അവളോട് പ്രത്യേക സ്നേഹമായിരുന്നു. കർപ്പൂരമണമുള്ള അമ്മൂമ്മയുടെ സാരിത്തുമ്പ് പുതച്ച് കിടക്കുന്ന അവൾക്ക് അമ്മൂമ്മ ഒരുപാട് വടക്കൻ പാട്ടുകളും, കഥകളും ചൊല്ലിത്തരും . എല്ലാം തികച്ചും ആദ്യമായി കാണുന്ന കുഞ്ഞിനെ പോലെ അവൾ അവയെല്ലാം കാതോർത്ത് കിടക്കും .ചെറപ്രായത്തിൽ ഒരു അടിയുടുപ്പ് ധരിച്ചാണ് അവൾ നടക്കുക .മൂക്കൊലിപ്പിച്ച് , ഊർന്നു പോകുന്ന അടിയുടുപ്പിന്റെ ഒരു കൈ മറുകൈകൊണ്ട് വലിച്ചു കയറ്റി, ജടപിടിച്ചമുടിയുമായി ,പുഴുപ്പല്ലുകൾ കാട്ടി അപരിചിതരോടും നിഷ്കളങ്കമായി ചിരിച്ച് സൂചിപ്പുല്ലിൽ സ്വയം ഇരുന്ന് കുപ്പായത്തിൽ മുള്ളു കൾ തറപ്പിച്ച് ഉച്ച സമയത്തും ആരുമില്ലാത്ത പാടത്ത് കുരുവികളുടെ മധുര നാദത്തിന് മറു പാട്ടു പാടി, മീനുകൾ വെള്ളത്തിൽ ഊളയിടുന്നത് നോക്കി ചിരിച്ച് അവൾ നടന്നു തീർത്ത അവളുടെ തേനൂറുന്ന ബാല്യം അവളെ പുൽകി .*

*അമ്മൂമ്മയുടെ തറവാട്ടിലെ ഇളയ പെൺകുട്ടി ആയിരുന്നു അവൾ.അമ്മൂമ്മ തന്റെ മക്കളെ നല്ലപോലെ സ്നേഹിച്ച് ലാളിച്ചു തന്നെയാണ് വളർത്തിയത്. പക്ഷെ മക്കൾ വലുതായപ്പോൾ അവർ ക്ക് സ്വന്തം അമ്മയെ വേണ്ടാതായി .അമ്മ അവരുടെ തോളിൽ ഒരു ഭാരമായി നിലകൊണ്ടു .അവസാനം സ്വന്തം അമ്മയെ തറവാട്ടിൽ തനിച്ചാക്കി നഗരത്തിന്റെ ചുഴിയിലേക്ക് അവർ എടുത്തു ചാടി .അമ്മ മരിച്ചു പോയ ഒരു കുഞ്ഞിനേയും അമ്മയെ ഏൽപ്പിച്ചു . അതാണ് അവൾ .*

*അവൾക്ക് 12 വയസ്സായപ്പോൾ ചെടിയെ പറിച്ചു നടുംപോലെ അവളുടെ അച്ഛൻ അവളെ നഗരത്തിലേക്ക് പറിച്ചു നട്ടു .പക്ഷഅത്രയും കാലം അമ്മൂമ്മ അവൾക്കുമേൽതന്റെവാത്സല്യപ്പൂമഴ ചൊരിയുകയായിരുന്നു . എന്നും ഓർക്കുമാറ് ഒരുപാട് ... ഒരുപാട് ...*

*പെട്ടന്ന് ഒരു മണിയുടെ ശബ്ദം കേട്ട് അവൾ ഞെട്ടി ഉണർന്നു. വണ്ടി ഒരു സേറ്റഷനിൽ നിർത്തിയിട്ടിരിക്കുകയാണ് .അടുത്ത സ്റ്റേഷൻ അവളുടെതാണെന്ന് ഒരു അപരിചിതയായ സ്ത്രീയിൽ നിന്ന് അവൾ അറിഞ്ഞു . അവൾ അവളുടെ സ്യൂട്ട്കേസും മറ്റും താഴെ ഇറക്കി ഒരുങ്ങി നിന്നു .അവൾ തന്റെ സ്റ്റേഷനിൽ ഇറങ്ങി നടന്നു . ഒരുപാട്*

## ശിഖരം

*പ്രതിക്ഷകളുമായി തന്റെ ബാല്യത്തിലേക്ക് തിരിച്ചു മടങ്ങാനുള്ള ആവേശത്തോടെ ; അവൾ തന്റെ തൊടിയും പാടവും ബാല്യത്തിലെന്ന പോലെ ചാടി കടന്നു .തറവാട്ടിൽ എത്തി, അമ്മൂമ്മേ... എന്നു വിളിച്ചു.അവിടെ അമ്മൂമ്മ അവളേയും കാത്ത് ഇരുപ്പുണ്ടായിരുന്നു .അവളെ അമ്മൂമ്മ വാരി പുണർന്നു അവൾ തിരിച്ചും .സ്നേഹ ചുംബനങ്ങളുടെ പൂമഴ പെയ്തു .പെട്ടെന്ന് അമ്മൂമ്മയെ ആരോ എഴുന്നേൽപ്പിച്ചു കൊണ്ടുപോയി .അവൾ പിറകെ ഓടി അവസാനം ഒരു വാതിൽക്കൽ എത്തി .ഭീകരമായ ഒരു സ്വർണ്ണ  വാതിൽ !. അവളെ അകത്തേക്ക് കടത്താതെ ഒരു പാട് ഭടന്മാരും .അവൾ അവിടെ നിന്ന് അലറി കറഞ്ഞു ... തന്റെ സങ്കടം തീരുന്നിടത്തോളം ... അവൾ കരഞ്ഞു ... 'അമ്മേ.' ആ വിളികേട്ട് അവൾ ഞെട്ടിയുണർന്നു 'നമ്മുടെ സ്ഥലമെത്തി  ഇറങ്ങേണ്ടേ, തനിച്ച് ഇത്രയും ദൂരം ഈ വയസ്സു കാലത്ത് ..... എന്തിനാ അമ്മേ...' അവൾ മകന്റെ തോളിൽ പിടിച്ച് എഴുന്നേറ്റു .തീവണ്ടി അവളെ ലക്ഷ്യസ്ഥാനമാകുന്ന വാർദ്ധക്യത്തിൽ കൊണ്ടെത്തിച്ചു. അവൾ തന്റെ അരുമ മക്കൾക്ക് വാത്സല്യം പകരാനായി ഇറങ്ങി. രാത്രി വണ്ടി പിന്നേയും കുതിച്ചു .ഇനിയും തനിക്ക് ഒരുപാട് ആളുകളെ എത്തിക്കാനുള്ള ഭാവേന ഇരുളിമയിലേക്ക് വജ്ര സൂചി പോലെ കുതിച്ചു .ഇനിയും വാത്സല്യപൂർവ്വം കാത്തിരിക്കുന്ന വാർദ്ധക്യങ്ങളെ എത്തിക്കാനായി... ദൂരേക്ക്...*

# പെയ്യുന്നു മഴ പെയ്യുന്നു



*നന്ദന ദിലീപ്*

*മഴ മഴ പെയ്യുന്നു*
*വാനിൽ നിന്നും പെയ്യുന്നു*
*നമ്മൾ നടക്കും പാതയിലെല്ലാം*
*മഴ മഴ ചറപറ പെയ്യുന്നു*



*പുള്ളി കുടകൾ നിവരുന്നു*
*കുട്ടികൾ തുള്ളി ചാടുന്നു*
*പക്ഷികൾ ശബ്ദമുയർത്തുന്നു*
*മഴ മഴ ചറപറ പെയ്യുന്നു*

*തവളകൾ മാക്രോം പാടുന്നു*
*ഇലകൾ തളിരു വിടർത്തുന്നു*
*പൂവുകൾ പുഞ്ചിരി തൂകുന്നു*



*മഴ മഴ ചറപറ പെയ്യുന്നു*
*മഴ മഴ ചറപറ പെയ്യുന്നു*

*പേമാരി കരി മുകിലേയെന്തേ*
*നീ നിന്നു ചിണുങ്ങുന്നു*
*നീയെന്തേ നാട്ടിടവഴിയിൽ*
*നിന്നു പതുങ്ങുന്നു*



ശ്രീലക്ഷ്മി നന്ദകുമാർ
6A

# അതിജീവനത്തിന്റെ വഴിയിലേക്ക്

എന്റെ പേര് ശ്രീലക്ഷ്മി.ഞാൻ അവിട്ടത്തൂരിൽ താമസിക്കുന്നു.ഞാനും എന്റെ കുടുംബവും സന്തോഷത്തോടെ ജീവിക്കുകയായിരുന്നു.പെട്ടന്നാണ് കനത്ത മഴയും ശക്തിയായ കാറ്റുമൊക്കെ വരാൻ തുടങ്ങിയത്.അവിടെന്നാണ് ദുരിതം തുടങ്ങിയത്.ടി.വിയൊക്കെ



വച്ചുനോക്കിയപ്പോൾ എറണാകുളത്തും ആലുവയിലുമൊക്കെ ശക്തമായ മഴയാണ്. പക്ഷെ ഞങ്ങൾ ഇവിടെ അങ്ങനെയൊന്നും ഉണ്ടാകുമെന്ന് വിചാരിച്ചില്ല.കുറച്ചുദിവസങ്ങൾ

*കഴിഞ്ഞപ്പോൾ ഞങ്ങൾക്കും ശക്തമായ മഴയും കാറ്റുമൊക്കെ വരാൻ തുടങ്ങി.അപ്പോഴാണ് മറ്റുള്ളവർ അനുഭവിക്കുന്ന കഷ്ടപ്പാടുകളും നഷ്ടങ്ങളും ഈ ദുരന്തത്തിലൂടെ ഞാൻ മനസ്സിലാക്കിയത്. ഞങ്ങളുടെ വീടിനു ചുറ്റും നിറയെ വെള്ളം വന്നു.മഴപെയ്യുമ്പോഴൊക്കെ വീടിനകത്തു വെള്ളം കയറുമോയെന്ന് ഞങ്ങൾക്ക്പേടിയായിരുന്നു.അങ്ങനെ ഒരു ദിവസം ഞങ്ങൾ അകത്തെ മുറിയിൽ ഇരിക്കുമ്പോൾ അടുത്ത വീട്ടിൽ നിന്ന് ഒരു ചേട്ടൻ വന്നു പറഞ്ഞു "വെള്ളം കുറേശ്ശെ കയറി തുടങ്ങി.എല്ലാ സാധനങ്ങളും എടുത്തുവച്ചുകൊള്ളൂ" എന്ന്.അപ്പോൾ ഞങ്ങൾക്ക് വെപ്രാളമായി തുടങ്ങി. ഞങ്ങളുടെ തുണി സാധനങ്ങൾ എല്ലാം തട്ടിനുമുകളിൽ കയറ്റിവച്ചു.ടി.വിയും ബാഗുകളും തട്ടിനു മുകളിൽ കയറ്റിവച്ചതിനു ശേഷം ഞങ്ങൾ വേഗം പൊക്കത്തുള്ള ഒരു വീട്ടിലേക്കു പോയി.അവിടെ കുറച്ചു നേരം ഇരുന്നു.അപ്പോഴേക്കും രാവിലെ ആയി.അങ്ങനെ അമ്മയും അടുത്തുള്ള ആളുകളും ദുരിതത്തെക്കുറിച്ച് ചർച്ച ചെയ്യുകയായിരുന്നു.ഇതെല്ലാം മനുഷ്യൻ ചെയ്ത തിന്മകളുടെ തിരിച്ചടിയായിട്ടാണ് പ്രകൃതി നമ്മൾക്ക് തരുന്നത്.അപ്പോഴേക്കും എന്റെ അമ്മാവൻ വന്നു ഞങ്ങളോട് അമ്മാവന്റെ വീട്ടിലേക്ക് വരാൻ പറഞ്ഞു.ഞങ്ങൾ അങ്ങോട്ടു പോയി.കുറച്ചു ദിവസം ഞങ്ങൾ അവിടെ താമസിച്ചു.പിന്നെ അവിടെ പൊക്കത്ത് താമസിക്കുന്ന ഒരു ചേട്ടൻ പറഞ്ഞു "വെള്ളമിറങ്ങി ഇനി വന്നോളൂ"എന്ന്.ഞങ്ങൾ വീണ്ടും ഞങ്ങളുടെ സന്തോഷകരമായ ജീവിതത്തിലേക്കു തിരിച്ചുവന്നു.പക്ഷേ ഒരു പേടി മാത്രം അവശേഷിക്കുന്നു...കാരണം ശക്തമായ ചുഴലിക്കാറ്റാണ് വരാൻ പോകുന്നതെന്ന് അറിയിപ്പുണ്ട്.പക്ഷേ നമ്മൾ അതിജീവിക്കുമെന്ന് എനിക്കു ഉറപ്പുണ്ട് കാരണം ഇത് കേരളമാണ്.*

# രാത്രി



തീർത്ഥസിജോയ് 6B

ഒളിഞ്ഞീടുന്നു സൂര്യൻ
നീണ്ട നീല കായലിൽ
മാനം കറുത്തുവരുന്നു
നീലമയിലിനെ പോലെയാം
രാത്രിയെ കുളിർമയിൽ
കൊള്ളിച്ച നിലാവു ഒപ്പമുണ്ടേ
കൂടെ കുളിർക്കാറ്റും
നമ്മെ സ്പർശിച്ചീടുന്നു
മഞ്ചാടി കുരുവിനോളം
ഉള്ള കുഞ്ഞു താരകങ്ങളും
അമ്പിളിയ്ക്കുകൂട്ടായ് വാന-
ത്തിരിയ്ക്കുന്നുണ്ടേ
കുഞ്ഞു മിന്നാമിനുങ്ങുകളും
പറന്നു നടന്നീടും
ഇരുട്ടിൽ പൊതിഞ്ഞ
രാത്രി വെള്ളിവെളിച്ചമുള്ള
പകലിനേലും നല്ലതല്ലേ

# യാത്രാവിവരണം

ഞങ്ങൾ എല്ലാവരും 8 മണിക്ക് സ്കൂളിൽ പ്രാർത്ഥന ചൊല്ലി 8:05 ന് ബസ്സിൽ കയറി ടൂർ ആരംഭിച്ചു. ഞങ്ങൾ മൈക്കിലൂടെ ഓരോരുത്തരായി ഗാനങ്ങൾ രസകരമായി ആലപിക്കാൻ തുടങ്ങി. ആദ്യമായി ഞങ്ങൾ നെടുമ്പാശ്ശേരി എയർ പോർട്ടിൽ കുറേ പടങ്ങൾ വരച്ച് വച്ചിരിക്കുന്നത് കണ്ടു. എയർ പോർട്ടിൽ വച്ച് ഞങ്ങൾ രാവിലത്തെ ഭക്ഷണം കഴിച്ചു.



അടുത്തതായി ഞങ്ങളുടെ യാത്ര ബ്രഡ് കമ്പിനിയിലേക്ക് ആിരുന്നു . ഈ യാത്രയിൽ ഞങ്ങൾ പലതരം പാട്ടുകൾ വച്ച് മനോരമായ നൃത്തച്ചുവടുകളായിരുന്നു ബസ്സിൽ . ഞങ്ങൾ ബ്രഡ് കമ്പിനിയിൽ ഇറങ്ങി തൊപ്പിയോക്കെ വച്ച് ഞങ്ങൾ ബ്രഡ് കമ്പിനിയിൽ കയറി ഓരോ മെഷിനറികളുടെയും പ്രവർത്തനങ്ങൾ മനസ്സിലാക്കി.അവിടെ നിന്ന് ബ്രഡ് ഞങ്ങൾ കഴിച്ച് കഴിഞ്ഞ് സന്തോഷത്തോടെ യാത്ര തിരിച്ചു.അടുത്തതായി ഞങ്ങൾ അന്ന കമ്പിനിയിലേക്കാണ് പോയത്. അവിടെ അലുമിനിയം പാത്രങ്ങൾ ഉണ്ടാക്കുന്നത് കണ്ടിട്ട് ഓരോ സംശയങ്ങൾ ഉണ്ടായപ്പോൾ അത് ഉണ്ടാക്കുന്നവരോട് ചോദിച്ചു മനസ്സിലാക്കി. പാത്രങ്ങൾ ,കലങ്ങൾ ഉണ്ടാക്കുന്നത് കണ്ടു.അവിടെ നിന്ന് ഞങ്ങൾ കിറ്റക്സ് തുണി മില്ലിലേക്ക് പുറപ്പെട്ടു.അവിടെ ഞങ്ങൾ ഉച്ച ഭക്ഷണം കഴിച്ചു.അതിനുശേഷം ഞങ്ങൾ മില്ലിന്റെ ഉള്ളിലേക്ക് കടന്നു .അവിടെ നൂലുകൾ കൊണ്ട്തുണികൾ ഉണ്ടാക്കുന്നത് കണ്ടു.പിന്നെ ബാഗുകൾ ഉണ്ടാക്കുന്നത് കണ്ടു.പുറത്തേക്ക് കടന്നപ്പോൾ ബാഗുകൾ സമ്മാനമായി തന്നു. അവിടെ നിന്ന് പാർക്കിലേക്കിലേക്ക് പോയി.ഞങ്ങൾ അവിടെ കളിച്ച് നിന്ന് സമയം ചെലവഴിച്ചു.ശേഷം തിരിച്ചുപോന്നപ്പോൾ ജൂസ് കഴിച്ച് രാത്രി 8.30 ന് തിരിച്ചെത്തി.

# പശുവമ്മ





**അമിത്ത് കെ.വി.**

*9A*

*കൊമ്പു കുലുക്കും പശുവമ്മ*
*വാലാട്ടീടും പശുവമ്മ*

*പുല്ലു തിന്നും പശുവമ്മ*
*പാലു തരുന്നൊരു നല്ലമ്മ*
*കണ്ണുണ്ടല്ലോ രണ്ടെണ്ണം*
*ചെവിയുണ്ടല്ലോ രണ്ടെണ്ണം*
*കൊമ്പുണ്ടല്ലോ രണ്ടെണ്ണം*
*കാലുണ്ടല്ലോ നാലെണ്ണം*
*അയ്യോ നിങ്ങളറിഞ്ഞില്ലേ,*
*വാലു മാത്രം ഒന്ന്... വാലു മാത്രം ഒന്ന്...*

# ഡിജിറ്റൽ ചിത്രങ്ങൾ



**ശ്രീരാഗ് പി**
9A







അമിത്ത് കെ വി


9A








ജെസ്സോജോസഫ് തരകൻ
9A







# എന്റെ സഖാവ്

*ഗാഥ മേനോൻ.പി* **9A**

*ചോരതുള്ളി  പൊഴിയും*
*അറകളാൽ വേർത്തിരിച്ച ഹൃദയത്തിൽ*
*എന്റെ സഖാവേ....*
*ഞാൻ ചോദിച്ചോട്ടേ...*
*സഖാവെന്നാൽ അർത്ഥം എന്ത്?*
*മുത്ത് വിരിയിക്കും പൂവോ,മനമോ,*
*തിളച്ചുനിൽക്കും ചോരയോ?*
*എന്തായാലും എന്റെ മനസ്സിൽ*
*ആദ്യം വരുക*
*രാഷ്ട്രീയ കണ്ണുകൾ മാത്രം.........*
*സഖാവേ ഞാൻ  ഇതു ചോദിക്കുമ്പോൾ*
*മറുപടി എന്നോട് ചരിത്രം പറയുമോ*
*അതോ ആ ചരിത്രം സഖാവാൽ  പറയപ്പെടുമോ........*

# അഭിമുഖം

**പ്രശസ്ത കർഷകൻ  മഞ്ഞനത്ത് അപ്പുവുമായി എൽ.ബി.എസ്.എം സ്കൂളിലെ കുട്ടികൾ നടത്തിയ അഭിമുഖം.**

പേര് :മഞ്ഞനത്ത് അപ്പു

വിലാസം :മഞ്ഞനത്ത് (ഹൗസ്),അവിട്ടത്തൂർ

**ചോദ്യം : താങ്കൾ കാർഷിക മേഖലയിലേക്ക് ആകർഷിക്കപ്പെടാൻ കാരണമെന്ത് ?**

ഉത്തരം:  അച്ഛനാണ് കാർഷിക മേഖലയിലേക്ക് എന്നെ അടുപ്പിച്ചത്.ഈ കാലഘട്ടത്തിൽ എല്ലാവർക്കും കൃഷിയോട് താൽപര്യം കുറവാണ്.അതുകൊണ്ടാണ് ഞാൻ ഈ മേഖല തിരഞ്ഞെടുക്കാൻ കാരണം.

**ചോദ്യം :താങ്കൾ കർഷകരോട്  കൃഷി ചെയ്യാൻ നിർദ്ദേശിക്കുന്ന വിളകൾ ഏതെല്ലാം?**

ഉത്തരം :നെല്ല്,കരനെല്ല്,കപ്പ,വിവിധയിനം പച്ചക്കറികൾ,പഴങ്ങൾ തുടങ്ങിയവ.

**ചോദ്യം :ഏതെല്ലാം വളങ്ങളാണ് താങ്കൾ ഉപയോഗിക്കുന്നത് ?**

ഉത്തരം:ജൈവ വളങ്ങളാണ് ഞാൻ ഉപയോഗിക്കുന്നത്.ചകിരിച്ചോറ്,എല്ലുപൊടി,

നൈട്രജൻ തുടങ്ങിയാണ് ഞാൻ  ഉപയോഗിക്കാറ്.

**ചോദ്യം : അമിതമായ രാസ വളപ്രയോഗത്തോട് താങ്കളുടെ അഭിപ്രായം എന്താണ്?**

ഉത്തരം :രാസവള പ്രയോഗത്തെ പൂർണമായും ഞാൻ എതിർക്കുന്നില്ല,പക്ഷെ അമിതമായുള്ള രാസവള പ്രയോഗം മണ്ണിനും വിളകൾക്കും ദോഷകരമായി മാറുന്നു.

**ചോദ്യം :ഈ അടുത്ത കാലത്ത് പത്രങ്ങളിൽ നിറഞ്ഞുനിന്ന വാർത്തയാണ് പച്ചക്കറികളിൽ  വിഷം പ്രയോഗിക്കുന്നത് ഇതിൽനിന്ന്  രക്ഷ നേടാനുള്ള മാർഗങ്ങൾ എന്തെല്ലാം?**

ഉത്തരം:ഈ പ്രശ്നം മറിക്കടക്കാൻ ചില പൊടികൈകൾ നമ്മുക്ക് വീട്ടിൽ തന്നെ പ്രയോഗിക്കാം.വീട്ടിൽ കൃഷി ചെയ്യുന്നതാണ് ഈ പ്രശ്നത്തിനു ശാശ്വതമായ പരിഹാരം.

**ചോദ്യം :വളർന്നു വരുന്ന കർഷകർക്ക് താങ്കൾ നൽകുന്ന സന്ദേശം?**

ഉത്തരം:പരിസ്ഥിതിയെ  സംരക്ഷിച്ച്,മണ്ണിനെ സ്നേഹിച്ച്,നാളേയ്ക്കുവേണ്ടി നമ്മുക്ക് കൃഷി ചെയ്യാം നല്ലൊരു കാർഷിക സംസ്കാരം വളർത്തിയെടുക്കാം...

# സുന്ദര കേരളം

ഉജിത്ത്
**6 C**





പച്ചവിതച്ചൊരു കേരളം
ദൈവത്തിൽ സൃഷ്ടിയാണ് കേരളം
വിദ്യാലയങ്ങളുള്ളൊരു കേരളം
പൂക്കൾ വിരിയുന്ന കേരളം
കാടുകളും മലകളുമുള്ളൊരു കേരളം
നന്മ വിരിയുന്ന കേരളം
ഓണമാഘോഷിക്കുന്ന കേരളം
ദൈവത്തെ പൂജിക്കുന്ന കേരളം
കേരളമെൻ കേരളം
കേളികേട്ട കേരളം
സുന്ദരമാം കേരളം
എൻപ്രിയ കേരളം

# നന്ദി

ഈ സ്കൂളിലെ ലിറ്റിൽകൈറ്റ്സ്പ്രവർത്തനങ്ങൾ വിജയകരമായിമുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഇതിനുവേണ്ടി നിർദ്ദേശങ്ങൾ നൽകിയ സ്വീറ്റി ടീച്ചർക്കും മെർലിൻ ടീച്ചർക്കും, മറ്റ് അധ്യാപകർക്കും ഞങ്ങളുടെ പ്രിയ സുഹൃത്തുക്കൾക്കും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കുന്നു.



ലിറ്റിൽകൈറ്റ്സ് അങ്കങ്ങൾ